# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 06.01.2026** **TIME : 12.50 PM**

## പ്രധാന

1. രാജ്യത്ത് ആയിരത്തിലേറെ ഭാഷകൾ പ്രയോഗത്തിലുണ്ടെന്നും, ഓരോ ഭാഷക്കും അതിന്റെതായ പ്രധാന്യം ഉണ്ടെന്നും കേന്ദ്ര വിദ്യാഭ്യാസ  മന്ത്രി ധർമേന്ദ്ര പ്രധാൻ.

   **There are over a thousand languages in use across the country, and each has its own significance, said Union Education Minister Dharmendra Pradhan.**

2. CSR കോൺക്ലേവ് കേന്ദ്ര  മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Union Minister of Cooperation Amit Shah to inaugurate National CSR Conclave of NDDB Foundation for Nutrition at Vigyan Bhawan in New Delhi today.**

3. എസ്.ഐ.ആർ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട ഹിയറിങ്ങ് നടപടികൾ

സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഉത്തർ പ്രദേശിൽ ഇന്ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും.

**Hearing procedures related to the SIR draft voter list are progressing in Kerala. Election Commission to publish draft SIR electoral roll of Uttar Pradesh today.**

4. കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഐ.ഐ.എം.സി വിദ്യാർത്ഥികളുമായി കേന്ദ്രമന്ത്രി സംവദിക്കും.

   **Union Minister of State L. Murugan will attend various events in Kottayam today and interact with IIMC students.**

5. പരീക്ഷാ സമ്മർദ്ദം പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ് സൗകര്യമൊരുക്കി CBSE .

   **The Central Board of Secondary Education (CBSE) today launched Psycho-Social Counseling Support for Students to address examination-related stress.**

6. ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം. ഇറാനിലെ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിലാണ് മുന്നറിയിപ്പ്.

**External Affairs Ministry today issued a travel advisory urging Indian nationals to avoid non-essential travel to Iran until further notice in view of recent developments.**

**DHARMENDRA PRADHAN (INTRO)**

രാജ്യത്ത് ആയിരത്തിലേറെ ഭാഷകൾ പ്രയോഗത്തിലുണ്ടെന്നും, ഓരോ ഭാഷക്കും അതിന്റെതായ പ്രധാന്യം ഉണ്ടെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ . സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് തയ്യാറാക്കിയ 50-ഓളം സാഹിത്യ കൃതികൾ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. മാനുഷിക വികാരങ്ങളെ കൃത്യമായി പ്രതിഫലിപ്പിക്കുന്നതിനുള്ള മാർഗ്ഗമാണ് ഭാഷയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു

(വോയിസ്)

തമിഴ് തിരുക്കുറലിന്റെ 45 ഭാഗങ്ങളുള്ള ആംഗ്യഭാഷാ വ്യാഖ്യാന പരമ്പരയ്ക്കൊപ്പം, 13 പുസ്തകങ്ങളുടെ പ്രകാശനവും കേന്ദ്രമന്ത്രി നിർവഹിച്ചു. കന്നഡ, തെലുങ്ക്, മലയാളം, ഒഡിയ എന്നീ ഭാഷകളിലാണ് കൃതികൾ തയ്യാറാക്കിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**AMITSHA -CSR**

CSR കോൺക്ലേവ് കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് സംഘടിപ്പിക്കുന്ന കോൺക്ലേവിൽ കുട്ടികളിലെ പോഷകാഹാരക്കുറവ് ചെറുക്കുന്നതിനുള്ള സുസ്ഥിരവുമായ മാർഗ്ഗങ്ങൾ ചർച്ച ചെയ്യും. ഛത്തീസ്ഗഡിലെ-ഭിലായ് സ്റ്റീൽ പ്ലാന്റിന്റെ സിഎസ്ആർ സംരംഭത്തിന് കീഴിലുള്ള ഗിഫ്റ്റ് മിൽക്ക് പ്രോഗ്രാമിന്റെ മൂന്നാം ഘട്ടത്തിനും ശ്രീ അമിത് ഷാ തുടക്കം കുറിക്കും.

## JAISHANKAR - PARIS

വിദേശകാര്യ മന്ത്രി എസ്.ജയശങ്കറിന്റെ ഫ്രാൻസ് പര്യടനം പുരോഗമിക്കുന്നു. ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഫ്രാൻസ്-ഇന്ത്യ പാരീസിൽ സംഘടിപ്പിച്ച യുവ പ്രതിഭകളുടെ പരിപാടിയിൽ അദ്ദേഹം പങ്കെടുത്തു. അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായും ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തി. ഫ്രഞ്ച് വിദേശകാര്യമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഫ്രഞ്ച് അംബാസഡർമാരുടെ 31-ാമത് സമ്മേളനത്തിലും ശ്രീ ജയശങ്കർ വിശിഷ്ടാതിഥിയാവും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ലക്സംബർഗിൽ എത്തുന്ന അദ്ദേഹം ലക്സംബർഗ് ഉപപ്രധാനമന്ത്രിയുൾപ്പെടെയുള്ള പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും.

## SIR+CM KERALA

കേരളത്തിൽ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. കേരളത്തിൽ അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകി. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഹിയറിംഗ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനും, ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

UP SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായ കരട് വോട്ടർ പട്ടിക ഉത്തർ പ്രദേശിൽ ഇന്ന് പ്രസിദ്ധീകരിക്കും. അടുത്ത മാസം ആറ് വരെ ഇത് സംബന്ധിച്ച പരാതികളും, അവകാശവാദങ്ങളും ഉന്നയിക്കാൻ വോട്ടർമാർക്ക് സമയം അനുവദിക്കും. മാർച്ച് ആറിനാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

## CBSE - PSYCHO COUNSELING

പരീക്ഷാ സംബന്ധമായ സമ്മർദ്ദം പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്കായി സൈക്കോ-സോഷ്യൽ കൗൺസിലിംഗ് പിന്തുണ ആരംഭിച്ച് CBSE .10, 12 ക്ലാസുകളിലെ കുട്ടികളുടെ പരീക്ഷാ പേടി അകറ്റി ആത്മവിശ്വാസത്തോടെയും വ്യക്തതയോടെയും പരീക്ഷയെ നേരിടാൻ സഹായിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സൗജന്യ കൗൺസിലിംഗ് സേവനങ്ങളുടെ ആദ്യ ഘട്ടം ഇന്ന് മുതൽ ജൂൺ 1 വരെ തുടരും. സേവനങ്ങൾക്കായി

വിദ്യാർത്ഥികൾക്ക് 1800 118 004 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ് . പരിശീലനം ലഭിച്ച 73 പ്രൊഫഷണലുകളുടെ സേവനം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും 24 മണിക്കൂറും ലഭ്യമാണ് .

❁❁❁❁❁❁❁❁❁❁❁❁❁

**PRAGATI - SPECIAL STORY**

മികച്ച ഭരണവും, പദ്ധതികളുടെ സമയബന്ധിതമായ നടപ്പാക്കലും ഉറപ്പുവരുത്തുന്ന PRAGATI പ്ലാറ്റ്ഫോമിന്റെ അൻപതാമത് യോഗം പൂർത്തിയായി. 2015 ൽ തുടക്കം കുറിച്ചതുമുതൽ വികസന പദ്ധതികളുടെ കൃത്യമായ അവലോകനവും, പൊതു പരാതി പരിഹാരവും ഉറപ്പാക്കാൻ പ്രഗതിയിലൂടെ സാധിച്ചിട്ടുണ്ട് . കേന്ദ്ര ,സംസ്ഥാന സർക്കാരുകളെ ഒരു കുടക്കീഴിൽ ഒരുമിപ്പിക്കുന്ന വേദിയായും പ്രഗതി പ്ലാറ്റ്ഫോം പ്രവർത്തിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസ ക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies/ എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

## PM- HPCL

ആന്ധ്രാപ്രദേശിലെ വിശാഖ് റിഫൈനറിയിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ റെസിഡ്യൂ അപ്ഗ്രേഡേഷൻ ഫെസിലിറ്റി' വിജയകരമായി കമ്മീഷൻ ചെയ്തതിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി . ഊർജ്ജ

സ്വയംപര്യാപ്തതയിലേക്കുള്ള ഇന്ത്യയുടെ കുതിപ്പിന് ഈ അത്യാധുനിക സംവിധാനം കരുത്തേകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'ആത്മനിർഭർ ഭാരത്' എന്ന കാഴ്ചപ്പാടിന് അനുസൃതമായി, ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള യാത്രയിലെ നിർണ്ണായക
ചുവടുവെപ്പാണിതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸☸☸

**L MURUGAN**

കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. ഐ.ഐ.എം.സി കോട്ടയം സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വിദ്യാർത്ഥികളുമായി
സംവദിക്കും. കെപിഎസ് മേനോൻ ഹാളിൽ കേരള കൗമുദി സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം ഇന്ന് വൈകുന്നേരം പങ്കെടുക്കും.

## BOOKFEST-NIAYAMASABHA

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. പുസ്തകോത്സവത്തിന് മുന്നോടിയായി ഫെസ്റ്റിവൽ ഓഫിസ് മന്ത്രി വി.ശിവൻകുട്ടി ഇന്ന് ഉദ്ഘാടനം ചെയ്തു. നിയമസഭാ സമുച്ചയത്തെ വർണശബളമാക്കുന്ന വൈദ്യുതാലങ്കാരങ്ങളുടെ ഉദ്ഘാടനം വൈകിട്ട് സ്പീക്കർ എ.എൻ.ഷംസീർ നിർവഹിക്കും.

## SIDHA DAY

ഇന്ന് ദേശീയ സിദ്ധ ദിനം. ആഗോള ആരോഗ്യത്തിന് സിദ്ധ എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന ആയുഷ് വകുപ്പ്,

ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ കേരള എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു. ദിനാചരണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

**IDUKKI(INTRO)**

മഴ മാറി വേനൽ കടുക്കുന്നതോടെ മൂന്നാർ മേഖലയിൽ കാട്ടാന ശല്യം രൂക്ഷമാകുന്നു. വിരിക്കൊമ്പനും പടയപ്പയും ഉൾപ്പെടെയുള്ള ഒറ്റയാന്മാർ ജനവാസ മേഖലകളിലും അന്തർസംസ്ഥാന പാതകളിലും ഇറങ്ങുന്നത് യാത്രക്കാരെയും തോട്ടം തൊഴിലാളികളെയും ഒരുപോലെ ആശങ്കയിലാഴ്ത്തുകയാണ്. കാട്ടാനകളെ ഉൾവനത്തിലേക്ക് തുരത്താൻ വനംവകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........*

*(വോയിസ്)*

☸☸☸☸☸☸☸☸☸☸☸☸☸

**SURESH KALMADI**

മുൻ കേന്ദ്രമന്ത്രി സുരേഷ് കൽമാഡി അന്തരിച്ചു. 82 വയസ്സായിരുന്നു. അസുഖബാധയെത്തുടർന്ന് ദീർഘ നാളായി ചികിത്സയിലിരിക്കെ പൂനെയിലായിരുന്നു അന്ത്യം. മുൻ പ്രധാനമന്ത്രി പി.വി. നരസിംഹറാവുവിന്റെ കാലത്ത് റെയിൽവേ സഹമന്ത്രിസ്ഥാനം വഹിച്ചിട്ടുണ്ട്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

**IRAN PROTEST**

ഇറാനിലെ പ്രതിഷേധങ്ങളിൽ മരിച്ചവരുടെ എണ്ണം 35 ആയി. 1,200-ലധികം പേരെ അറസ്റ് ചെയ്തു . ഇറാനിലെ

സമ്പദ്‌വ്യവസ്ഥ തകർച്ച നേരിടുന്നതുമായി ബന്ധപ്പെട്ടാണ് ഒരു ആഴ്ചയിലേറെയായി പ്രതിഷേധം നടക്കുന്നത് . സ്ഥിതി വഷളായാൽ പ്രതിഷേധക്കാരെ പിന്തുണയ്ക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രതിഷേധങ്ങളും പ്രകടനങ്ങളും നടക്കുന്ന സ്ഥലങ്ങളിൽ പോകുന്നത് ഒഴിവാക്കണം. ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും വിദേശകാര്യമന്ത്രാലയം നിർദ്ദേശിച്ചു.

## US-GREENLAND

ഗ്രീൻലാൻഡ് അമേരിക്ക ഏറ്റെടുക്കുമോ എന്ന ആശങ്കകൾ തള്ളി പ്രധാനമന്ത്രി ജെൻസ് ഫ്രഡറിക്ക് നീൽസൺ. ഗ്രീൻലാൻഡ് അമേരിക്കയെ

സംബന്ധിച്ചിടത്തോളം തന്ത്രപ്രധാനമാണെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. ഗ്രീൻലാൻഡിന്റെ പരമാധികാരത്തിന് നേരെയുള്ള വെല്ലുവിളികൾ ഗുരുതരമായ സുരക്ഷാ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ഡെന്മാർക്കും, യൂറോപ്യൻ രാജ്യങ്ങളും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഡെന്മാർക്കിന് കീഴിലെ സ്വയംഭരണ പ്രദേശമായാണ് ഗ്രീൻലാൻഡ് നിലകൊള്ളുന്നത്.